## ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 01.05.2025**

## പ്രധാനവാർത്തകൾ

1) കേരളത്തിൻറെ വികസനക്കുതിപ്പിന് കരുത്ത് പകർന്ന് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ കമ്മീഷൻ ചെയ്യും.

2) കനത്ത സുരക്ഷയിൽ തിരുവനന്തപുരം, നഗരത്തിൽ ഇന്നും നാളെയും ഗതാഗത നിയന്ത്രണം.

3) സർഗ്ഗാത്മക മേഖലയ്ക്ക് പുത്തൻ ഉണർവേകി വേവ്സ് 2025 ഉച്ചകോടിക്ക് മുംബൈയിൽ തുടക്കമായി.

4) പഹൽഗാമം ഭീകരാക്രമണത്തിൽ ജുഡീഷ്യൽ അന്വേഷണം ആവശ്യപ്പെടുന്ന പൊതുതാൽപ്പര്യ ഹർജി പരിഗണിക്കാൻ വിസമ്മതിച്ച് സുപ്രീം കോടതി.

5) വോട്ടർ പട്ടികയുടെ കൃത്യത മെച്ചപ്പെടുത്തുന്നതിന് നൂതന പരിഷ്ക്കാരങ്ങളുമായി തിരഞ്ഞെടുപ്പ് കമ്മീഷൻ.

6) ഐ പി എൽ ക്രിക്കറ്റിൽ ഇന്ന് രാജസ്ഥാൻ റോയൽസ് മുംബൈ ഇന്ത്യൻസിനെ നേരിടും.

****************

RNU TVPM

# <u>വിഴിഞ്ഞം (ഇൻട്രോ)</u>

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ കമ്മീഷൻ ചെയ്യും. രാവിലെ 11 ന് നടക്കുന്ന ചടങ്ങിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, മുഖ്യമന്ത്രി പിണറായി വിജയൻ, കേന്ദ്ര ഷിപ്പിങ്ങ് മന്ത്രി സർബാനന്ദ സോനോവാൾ തുടങ്ങി നിരവധി പ്രമുഖർ പങ്കെടുക്കും. ഇന്ന് രാത്രി 7.50 ഓടെ തിരുവനന്തപുരത്തെത്തുന്ന പ്രധാനമന്ത്രി രാജ്ഭവനിൽ തങ്ങിയ ശേഷമായിരിക്കും നാളെ ചടങ്ങിനെത്തുക. പ്രധാനമന്ത്രിയുടെ സന്ദർശനത്തോടനുബന്ധിച്ച് കനത്ത സുരക്ഷാ ക്രമീകരണങ്ങളാണ് വിഴിഞ്ഞത്ത് ഒരുക്കിയിരിക്കുന്നത്. 4,200 ഓളം പോലീസ് ഉദ്യോഗസ്ഥരെ സുരക്ഷയ്ക്കായി നിയോഗിച്ചു. കടൽ കേന്ദ്രീകരിച്ചുള്ള സുരക്ഷാ ക്രമീകരണങ്ങൾക്കു പുറമേ വ്യോമസേനാ വിമാനങ്ങളും സുരക്ഷയ്ക്കായി വിന്യസിക്കും. നഗരത്തിൽ ഇന്നും നാളെയും ഗതാഗതാ നിയന്ത്രണവും ഏർപ്പെടുത്തിയിട്ടുണ്ട്. ഇന്ന് രാത്രി 10 മണി വരെയും നാളെ രാവിലെ 6.30 മുതൽ ഉച്ചക്ക് 2 മണി വരെയുമാണ് നിയന്ത്രണം. വിഴിഞ്ഞം തുറമുഖത്തിന്റെ ആദ്യ ഘട്ടമാണ് ഇപ്പോൾ പൂർത്തീകരിച്ചിരിക്കുന്നത്. കഴിഞ്ഞ ജൂലൈയിൽ ട്രയൽ റൺ ആരംഭിച്ച് 10 മാസങ്ങൾക്കിടെ 285 കപ്പലുകളാണ് വിഴിഞ്ഞത്തെത്തിയത്. രാജ്യത്തെ തന്നെ ഒന്നാമത്തെ തുറമുഖമായി മാറാനുള്ള കുതിപ്പിലാണ് വിഴിഞ്ഞം.

(ഒരു റിപ്പോർട്ട്)

**വോയ്സ്**

*2028* ഓടെ വിഴിഞ്ഞം തുറമുഖത്തിൻറെ തുടർന്നുള്ള ഘട്ടങ്ങളും പൂർത്തിയാകും. രണ്ടും മൂന്നും ഘട്ട വികസനത്തിന്റെ ഭാഗമായി കണ്ടെയ്നർ ടെർമിനൽ *1,200* മീറ്ററായി വിപുലീകരിക്കും. ബ്രേക്ക് വാട്ടറിന്റെ നീളവും *900* മീറ്റർ കൂടി വർധിപ്പിക്കും. കണ്ടെയ്നർ സംഭരണ യാർഡിന്റെയും, മൾട്ടിപർപ്പസ് ബർത്തുകളുടെയും വികസനവും ഈ ഘട്ടങ്ങളിൽ നടക്കും. ഇവയ്ക്ക് ആവശ്യമുള്ള *77* ഹെക്ടർ ഭൂമി ഡ്രഡ്ജിങ്ങിലൂടെ കടൽ നികത്തിയായിരിക്കും

RNU TVPM

കണ്ടെത്തുക. *2034* മുതൽ വിഴിഞ്ഞം തുറമുഖത്തു നിന്നും വരുമാനം ലഭിച്ചു തുടങ്ങും. പ്രതിവർഷം *10,000* കോടി രൂപയാണ് വരുമാനം പ്രതീക്ഷിക്കുന്നത്.
ന്യൂസ് ഡസ്ക്, ആകാശവാണി

****************

## വിഴിഞ്ഞം- നിർദേശം

പ്രധാനമന്ത്രി പങ്കെടുക്കുന്ന വിഴിഞ്ഞം തുറമുഖ കമ്മിഷനിംഗ് പരിപാടിയിൽ നാളെ പങ്കെടുക്കുന്നവർ തിരിച്ചറിയൽ രേഖകൾ നിർബന്ധമായും കൈവശം കരുതണമെന്ന് നിർദേശം . ക്ഷണമുള്ളവർ ഒൻപത് മണിക്ക് മുൻപ് തന്നെ അനുവദിക്കുന്ന സ്ഥലത്ത് ഹാജരാകണം. SPG ഉദ്യോഗസ്ഥരുടെ നിർദേശങ്ങൾ കർശനമായി പാലിക്കണമെന്നും മാർഗനിർദേശത്തിൽ പറയുന്നു.

****************

## വിഡി സതീശൻ

RNU TVPM

വിഴിഞ്ഞം തുറമുഖം കമ്മീഷനിംഗ് നടക്കാനിരിക്കെ സംസ്ഥാന സർക്കാരിനെതിരെ വിമർശനവുമായി പ്രതിപക്ഷ നേതാവ് വിഡി സതീശൻ. 2019ൽ പൂർത്തിയാകേണ്ടിയിരുന്ന വിഴിഞ്ഞം പദ്ധതി ആറ് വർഷം വൈകിയാണ് സാക്ഷാത്കരിക്കുന്നതെന്ന് അദ്ദേഹം കുറ്റപ്പെടുത്തി. മുൻമുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെയും UDF സർക്കാരിന്റെയും ഇച്ഛാശക്തിയുടെ പ്രതീകമാണ് വിഴിഞ്ഞം തുറമുഖമെന്നും വിഡി സതീശൻ മാധ്യമങ്ങളോട് പറഞ്ഞു. പ്രതിപക്ഷത്തെ പ്രതിനിധാനം ചെയ്ത് സംസാരിക്കാനുള്ള അവസരമില്ലാത്തതിനാൽ തുറമുഖം കമ്മീഷനിംഗ് ചടങ്ങിൽ പങ്കെടുക്കില്ലെന്നും അദ്ദേഹം ആവർത്തിച്ചു.

****************

## പ്രധാനമന്ത്രി -വേവ്സ് (ഇൻട്രോ)

ലോക ദൃശ്യ, ശ്രവ്യ വിനോദ ഉച്ചകോടി, വേവ്സ് 2025 ന് മുംബൈയിൽ തുടക്കമായി. പ്രധാനമന്ത്രി

നരേന്ദ്രമോദി ഉദ്ഘാടനം നിർവഹിച്ചു. സർഗ്ഗാത്മക മേഖലയിലെ ആഗോള ശ്രദ്ധാകേന്ദ്രമായി മാറുന്നതിനുള്ള ഇന്ത്യയുടെ ഉറച്ച ചുവടുവെയ്പ്പാണ് വേവ്സ് ഉച്ചകോടി.

(മ്യൂസിക്)

സംസ്കാരത്തിൻറെയും, സർഗ്ഗാത്മകതയുടെയും ആഗോള തരംഗം സൃഷ്ടിക്കുകയാണ് വേവ്സ് ഉച്ചകോടിയുടെ ലക്ഷ്യമെന്ന് പ്രധാനമന്ത്രി ചടങ്ങിൽ പറഞ്ഞു. ചലച്ചിത്ര നിർമാണം, ഡിജിറ്റൽ കണ്ടൻറ്, ഗെയിമിങ്ങ്, ഫാഷൻ, സംഗീതം തുടങ്ങിയ മേഖലകളിൽ ഇന്ത്യ ശക്തമായ മുന്നേറ്റമാണ് നടത്തുന്നത്. ആഗോള അനിമേഷൻ വിപണിയുടെ വിശാല സാധ്യതകൾ വരും ദശാബ്ദത്തിൽ ഇരട്ടിയാകുമെന്നും ശ്രീ മോദി പറഞ്ഞു. ക്രിയേറ്റീവ് സമ്പദ് വ്യവസ്ഥ രാജ്യത്തിൻറെ ആഭ്യന്തര ഉത്പാദനത്തിൽ നൽകുന്ന സംഭാവനകളും ഗണ്യമായി വർദ്ധിക്കും. സാങ്കേതിക വിദ്യ മനുഷ്യ ജീവിതത്തെ വളരെയധികം സ്വാധീനിക്കുന്ന ഈ കാലഘട്ടത്തിൽ സംവേദന ക്ഷമതയും, സാംസ്കാരിക മൂല്യങ്ങളും സംരക്ഷിക്കാൻ അധിക ശ്രമങ്ങൾ ആവശ്യമാണെന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ്)

നാല് ദിവസം നീളുന്ന വേവ്സ് ഉച്ചകോടിയിൽ നൂറോളം രാജ്യങ്ങളിൽ നിന്നുള്ള കലാകാരന്മാരും, നൂതനാശയ സ്രഷ്ടാക്കളും പങ്കെടുക്കുന്നുണ്ട്.

****************

## <u>സുപ്രീം കോടതി- പഹൽഗാം</u>

പഹൽഗാമം ഭീകരാക്രമണത്തിൽ ജുഡീഷ്യൽ അന്വേഷണം ആവശ്യപ്പെടുന്ന പൊതുതാൽപ്പര്യ ഹർജി പരിഗണിക്കാൻ വിസമ്മതിച്ച് സുപ്രീം കോടതി. നിർണായക വേളകളിൽ സായുധ സേനയുടെ മനോവീര്യം തകർക്കാൻ ഇത്തരം നടപടികൾ കാരണമാവുമെന്നും കോടതി പറഞ്ഞു. വിഷയത്തിന്റെ ഗൗരവം പരിഗണിച്ച് ഹർജി

RNU TVPM

പിൻവലിക്കാൻ പരാതിക്കാരോട് കോടതി ആവശ്യപ്പെടുകയായിരുന്നു.

****************

## തിരഞ്ഞെടുപ്പ് കമ്മീഷൻ

വോട്ടർ പട്ടികയുടെ കൃത്യത മെച്ചപ്പെടുത്തുന്നതിനും വോട്ടിംഗ് പ്രക്രിയ സുഗമമാക്കുന്നതിനും പുതിയ പരിഷ്കാരങ്ങളുമായി തിരഞ്ഞെടുപ്പ് കമ്മീഷൻ. മരണ രജിസ്ട്രേഷൻ വിവരങ്ങൾ വോട്ടർ പട്ടിക പുതുക്കലിനായി ഇലക്ട്രോണിക് രീതിയിൽ ലഭ്യമാക്കും. ഇതിലൂടെ ഔദ്യോഗിക അപേക്ഷ ലഭിക്കാതെ തന്നെ മരണവിവരങ്ങൾ വീടുകളിലെത്തി സ്ഥിരീകരിക്കാൻ ബിഎൽഒ മാർക്ക് സാധിക്കും. വോട്ടർ ഇൻഫർമേഷൻ സ്ലിപ്പുകൾ കൂടുതൽ വോട്ടർ സൗഹൃദമാക്കുന്നതിന് വോട്ടറുടെ സീരിയൽ നമ്പറും പാർട്ട് നമ്പറും കൂടുതൽ വലുപ്പത്തിലാക്കും. പോളിങ്ങ് സ്റ്റേഷനും, വോട്ടർ പട്ടികയിലെ പേരും വേഗത്തിൽ കണ്ടെത്താൻ ഇത് സഹായിക്കും. എല്ലാ BLO-മാർക്കും ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡുകൾ നൽകാനും തിരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിച്ചു.

RNUTVPM

****************

## ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതി

ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്ന കന്നുകാലികളിലെ കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ് പദ്ധതി ആറാം ഘട്ടത്തിന് നാളെ തുടക്കം. കോഴിക്കോട് ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ നടക്കുന്ന ചടങ്ങിൽ മന്ത്രി ജെ.ചിഞ്ചുറാണി സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കും. നാല് മാസത്തിനു മുകളിൽ പ്രായമുള്ള പശു, എരുമ വർഗ്ഗത്തിൽപ്പെട്ട മുഴുവൻ ഉരുക്കളെയും മൃഗസംരക്ഷണ വകുപ്പിൽ നിന്നും നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥരുടെ ടീമുകൾ കർഷകരുടെ വീട്ടുപടിക്കൽ

എത്തി കുത്തിവയ്പ്പിന് വിധേയമാക്കും. തികച്ചും സുജന്യമാണ് കുത്തിവെയ്പ്പ്.

****************

## മേയ് ദിനം

ഇന്ന് മേയ് ദിനം. എട്ടു മണിക്കൂർ ജോലിസമയം എന്ന അവകാശം നേടിയെടുക്കാൻ തൊഴിലാളികൾ നടത്തിയ പോരാട്ടങ്ങളുടെ സ്മരണ പുതുക്കലായാണ് ലോകം മേയ് 1 സാർവദേശീയ തൊഴിലാളി ദിനമായി ആഘോഷിക്കുന്നത്. തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കാനും തൊഴിലിൻറെ മഹത്വത്തെത്തെ ബഹുമാനിക്കാനും മെയ് ദിനം നമ്മെ ഓർമ്മപ്പെടുത്തുന്നു. തൊഴിലാളി വർഗ്ഗത്തിൻറെ വിമോചന മുദ്രാവാക്യമാണ് ഓരോ മെയ് ദിനവും മുഴക്കുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ ആശംസാ സന്ദേശത്തിൽ പറഞ്ഞു.

****************

## ആശ വർക്കേഴ്സ് -സമരം

ആശാപ്രവർത്തകർ സെക്രട്ടേറിയറ്റിനു മുന്നിൽ 43 ദിവസമായി നടത്തി വന്ന നിരാഹാര സമരം അവസാനിപ്പിച്ചു. 'രാപകൽ സമരയാത്ര' എന്ന പുതിയ സമരഘട്ടത്തിന് തുടക്കം കുറിക്കുന്ന സാഹചര്യത്തിലാണ് തീരുമാനം.

****************

## ലിസമ്മ പി.വി

ന്യൂഡൽഹിയിലെ മിലിട്ടറി നഴ്സിംഗ് സർവീസ് അഡീഷണൽ ഡയറക്ടർ ജനറലായി മേജർ ജനറൽ ലിസമ്മ പി.വി. ചുമതലയേറ്റു. നിലവിൽ ഡൽഹിയിലെ ആർമി ഹോസ്പിറ്റലിൽ പ്രിൻസിപ്പൽ മേട്രൺന്റെ ചുമതല വഹിക്കുകയായിരുന്നു. കൊല്ലം സ്വദേശിനിയാണ്.

****************

RNUTVPM

## <u>ജേർണലിസ്റ്റ് വോളിബോൾ ടൂർണമെന്റ് (ഇൻട്രോ)</u>

ആറാമത് സംസ്ഥാന ജേർണലിസ്റ്റ്
വോളിബോൾ ടൂർണമെൻറിന് നാളെ കണ്ണൂരിൽ
തുടക്കം. കേരളത്തിലെ മുഴുവൻ മാധ്യമപ്രവർത്തകരുടെയും
പങ്കാളിത്തത്തോടെ കണ്ണൂർ പ്രസ് ക്ലബ് ആണ് മത്സരം
നടത്തുന്നത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ.**
**(വോയ്സ്)**

****************

## <u>തേവാരം -തേവാരംമെട്ട്</u>

കേരളത്തിനെയും, തമിഴ്നാടിനെയും
വേഗത്തിൽ ബന്ധിപ്പിക്കാൻ കഴിയുന്ന തേവാരം -തേവാരംമെട്ട്
റോഡിനായി ഇരു സംസ്ഥാനത്തെയും ജനപ്രതിനിധികൾ
അതിർത്തിയിൽ ഒന്നിച്ചു. തേവാരത്തു നിന്നും, തേനി എംപി
തങ്കതമിഴ് ശെൽവത്തിൻറെ നേതൃത്വത്തിൽ
തേവാരംമെട്ടിലേക്ക് കാൽനടയായി എത്തിയ കർഷകരെ ഡീൻ
കുര്യാക്കോസ് എംപിയും, എംഎം മണി എംഎൽഎയും ചേർന്ന്
സ്വീകരിച്ചു. തുടർന്ന് നൂറുകണക്കിന് നാട്ടുകാരുടെ
സാന്നിധ്യത്തിൽ പ്രത്യേക യോഗവും ചേർന്നു.

RNU TVPM

****************

## <u>ജലവിതരണം തടസപ്പെടും</u>

വെള്ളായണി ജല ശുദ്ധീകരണ ശാലയിൽ ട്രാൻസ്ഫോമർ
സ്ഥാപിക്കുന്ന ജോലികളുമായി ബന്ധപ്പെട്ട് മറ്റെന്നാൾ രാവിലെ 6
മുതൽ രാത്രി 12 മണി വരെ പമ്പിങ് തടസ്സപ്പെടുന്നതിനാൽ
തിരുവനന്തപുരം കോർപ്പറേഷനിലെ വിവിധ വാർഡുകളിൽ
ജലവിതരണം മുടങ്ങും.
ഉപഭോക്താക്കൾ വേണ്ട മുൻകരുതലുകൾ
സ്വീകരിക്കേണ്ടതാണെന്ന് വാട്ടർ അതോറിറ്റി അറിയിച്ചു.

തിരുവല്ലം,വെള്ളാർ, പുഞ്ചക്കരി, പൂങ്കുളം, ഹാർബർ, വിഴിഞ്ഞം, കോട്ടപ്പുറം വാർഡുകളിലും കല്ലിയൂർ, വെങ്ങാനൂർ, പള്ളിച്ചൽ പഞ്ചായത്തുകളിലും സമീപപ്രദേശങ്ങളിലുമാണ് ജലവിതരണം തടസ്സപ്പെടുന്നത്.

****************

## ഐപിഎൽ

ഐ പി എൽ ക്രിക്കറ്റിൽ ഇന്ന് രാജസ്ഥാൻ റോയൽസ് മുംബൈ ഇന്ത്യൻസിനെ നേരിടും. രാത്രി 7.30ന് സവായ് മാൻസിംഗ് സ്റ്റേഡിയത്തിലാണ് മത്സരം.

****************

## സ്വർണ്ണം

സ്വർണവിലയിൽ വൻ ഇടിവ് . പവന് 1,640 രൂപ കുറഞ്ഞ് 70,200 രൂപയും, ഗ്രാമിന് 205 രൂപ കുറഞ്ഞ് 8,775 രൂപയുമാണ് ഇന്നത്തെ വില.

****************

## കാലാവസ്ഥ

കേരളത്തിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. അതേസമയം പാല്ക്കാട് ജില്ലയിൽ ഇന്നും നാളെയും താപനില 37 ഡിഗ്രി സെൽഷ്യസ് വരെ ഉയരാൻ സാധ്യതയുണ്ട്. കടുത്ത ചൂടിന് സാധ്യതയുള്ള ആറ് ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

****************

*********

***

PRD TVPM